# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 05.11.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ലഖ്പതി ദീദിമാർ വെല്ലുവിളികളെ അവസരങ്ങളാക്കി മാറ്റുന്നതായി ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. സ്ത്രീ സ്വാതന്ത്ര്യവും അന്തസ്സും ആത്മവിശ്വാസവും ഇവരിലൂടെ പ്രതിഫലിക്കപ്പെടുന്നു എന്നും ഉപരാഷ്ട്രപതി.

   **Vice President CP Radhakrishnan said that the Lakhpati Didis turn challenges into opportunities. The Vice President also said that women's freedom, dignity and self-confidence are reflected through them.**

2. ബീഹാറിൽ നിയമസഭാ തെരഞ്ഞെടുപ്പിൻറെ ആദ്യ ഘട്ടം നാളെ. 18 ജില്ലകളിലെ 121 മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ്

   **The first phase of assembly elections in Bihar will be held tomorrow. Voting will be held in 121 constituencies across 18 districts.**

3. ഇന്ത്യ-ന്യൂസിലാൻഡ് സ്വതന്ത്ര വ്യാപാര കരാർ ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാര, നിക്ഷേപ ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും വിവിധമേഖലകളിൽ പുതിയ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്ന് കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ

   **Union Minister Piyush Goyal has said that the India-New Zealand Free Trade Agreement will strengthen trade and investment ties between the two countries and create new opportunities in various sectors.**

4. നിർമ്മിത ബുദ്ധിയുടെ സുരക്ഷിതവും, ഉത്തരവാദിത്തത്തോടെയുമുള്ള ഉപയോഗം പ്രോത്സാഹിപ്പിക്കാനായി ഇന്ത്യ എഐ ഗവേണൻസ് മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കി ഐടി മന്ത്രാലയം

The IT Ministry has released India AI Governance Guidelines to promote safe and responsible use of artificial intelligence.

5. **തദ്ദേശതിരഞ്ഞെടുപ്പ് സുഗമമായി നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കണമെന്ന് ജില്ലാകളക്ടർമാർക്ക് കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണറുടെ നിർദ്ദേശം.**

The Kerala State Election Commissioner has instructed district collectors to ensure the necessary arrangements for the smooth conduct of local body elections

6. **AIFF സൂപ്പർ കപ്പ് ഫുട്ബോളിൽ മൊഹമ്മദൻ എസ്.സിക്കെതിരെ ഗോകുലം കേരളയ്ക്ക് ജയം.**

Gokulam Kerala wins against Mohammedan SC in AIFF Super Cup football

# VP CHATTISGAD VISIT

ലെഖ്പതി ദീദിമാർ, വനിതകളുടെ ശാക്തീകരണത്തിനും സ്വയം പര്യാപ്തതയ്ക്കും മികവിനും ഉത്തമ ഉദാഹരണമാണെന്ന് ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ. ഛത്തീസ്ഗഢിലെ രാജ്നാന്ദ ഗാവിൽ ലഖ്പതി ദീദിമാരുടെ സമ്മേളനത്തിൽ സംസാരിക്കുക യായിരുന്നു അദ്ദേഹം. രാജ്യത്തെ വനിതകളുടെ ശക്തിയുടെയും നിശ്ചയ ദാർഢ്യത്തിൻറെയും പ്രതീകമാണ് ലഖ്പതി ദീദിമാർ. ഇവർ വെല്ലുവിളികളെ അവസരങ്ങളാക്കി മാറ്റുന്നു. സ്ത്രീ സ്വാതന്ത്ര്യവും അന്തസ്സും ആത്മ വിശ്വാസവും ഇതിലൂടെ പ്രതിഫലിക്കപ്പെടുന്നു എന്ന് ഉപരാഷ്ട്രപതി പറഞ്ഞു.

# VP- AIRSHOW

ഛത്തീസ്ഗഢ് സന്ദർശിക്കുന്ന ഉപരാഷ്ട്രപതി സി പി രാധാകൃഷ്ണൻ നവ റായ്പൂരിൽ വ്യോമസേനയുടെ സൂര്യകിരൺ വ്യോമാഭ്യാസസംഘത്തിൻറെ എയർഷോ വീക്ഷിച്ചു. ഛത്തീസ്ഗഢ് സംസ്ഥാന രൂപീകരണത്തിൻറെ രജത ജൂബിലി ആഘോഷങ്ങളുമായി ബന്ധപ്പെട്ടാണ് വ്യോമാഭ്യാസം നടത്തിയത്. ഗവർണർ രമൻ ദേക, മുഖ്യമന്ത്രി വിഷ്ണു ദിയോസായ്, മറ്റ് പ്രമുഖർ തുടങ്ങിയവർ വ്യോമാഭ്യാസം കാണാനെത്തി. പരിപാടി കാണാൻ ആയിരങ്ങളാണ് തടിച്ചു കൂടിയത്.

## BIHAR POLLING FIRST PHASE

ബീഹാറിൽ നിയമസഭാ തെരഞ്ഞെടുപ്പിൻറെ ആദ്യ ഘട്ടം നാളെ. 18 ജില്ലകളിലെ 121 മണ്ഡലങ്ങളിലാണ് വോട്ടെടുപ്പ്. സ്വാതന്ത്ര്യവും നീതിപൂർവവുമായ വോട്ടെടുപ്പ് ഉറപ്പാക്കാൻ ശക്തമായ സുരക്ഷ ഒരുക്കിയിട്ടുണ്ട്. ആകെയുള്ള നാൽപ്പത്തി അയ്യായിരത്തി 341 പോളിംഗ് സ്റ്റേഷനുകളിലും വെബ്കാസ്റ്റിംഗ് ഏർപ്പെടുത്തി. വനിതകൾ നിയന്ത്രിക്കുന്ന 926 പോളിംഗ് ബൂത്തുകളും അംഗ പരിമിതർ നിയന്ത്രിക്കുന്ന 107 ബൂത്തുകളും സജ്ജമാക്കി. രാവിലെ 7 മണി മുതൽ വൈകിട്ട് 6 വരെയാണ് വോട്ടെടുപ്പ്. സുരക്ഷ മുൻ നിർത്തി ചില ബൂത്തുകളിൽ വൈകിട്ട് 5 ന് വോട്ടെടുപ്പ് അവസാനിക്കും. 122 വനിതകൾ ഉൾപ്പെടെ 1,314 സ്ഥാനാർത്ഥി കളാണ് ഈ ഘട്ടത്തിൽ മത്സരിക്കുന്നത്. 3.75 കോടിയിലേറെ സമ്മതിദായകരുണ്ട്.

## BIHAR ELECTIONS - 2

ബീഹാറിൽ നാളെ ജനവിധി തേടുന്നവരിൽ ഉപമുഖ്യമന്ത്രിമാരായ സമ്രാട്ട് ചൗധരി, വിജയകുമാർ സിൻഹ എന്നിവർ ഉൾപ്പെടുന്നു. ബിജെപി സ്ഥാനാർത്ഥികകളാണ് ഇവർ. 16 മന്ത്രിമാരാണ് ഈ ഘട്ടത്തിൽ മത്സരിക്കുന്നത്. മഹാസഖ്യത്തിൻറെ മുഖ്യമന്ത്രി സ്ഥാനാർത്ഥി തേജസ്വി പ്രസാദ് യാദവും ഒന്നാം ഘട്ടത്തിൽ ജനവിധി തേടുന്നു.

## JITENDRA SINGH - DIGITAL LIFE CERTIFICATE

ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റിനായി 25 ലക്ഷത്തിലധികം പേർ ആധാർ അധിഷ്ഠിത മുഖം തിരിച്ചറിയൽ സംവിധാനം ഉപയോഗപ്പെടുത്തിയതായി കേന്ദ്രസഹമന്ത്രി ജിതേന്ദ്ര സിംഗ്. ന്യൂഡൽഹിയിൽ നടന്ന നാലാമത് ദേശീയ ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് കാമ്പെയ്നിന്റെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഈ മാസം അവസാനം വരെ കാമ്പെയ്ൻ തുടരുമെന്നും അദ്ദേഹം അറിയിച്ചു.

## GOYAL-NEW ZEALAND (INTRO)

ഇന്ത്യ-ന്യൂസിലാൻഡ് സ്വതന്ത്ര വ്യാപാര കരാർ ഇരു രാജ്യങ്ങളും തമ്മിലുള്ള വ്യാപാര, നിക്ഷേപ ബന്ധങ്ങൾ ശക്തിപ്പെടുത്തുകയും വിവിധമേഖലകളിൽ പുതിയ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യുമെന്ന് കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ. ന്യൂസിലാന്റുമായുള്ള പങ്കാളിത്തം കൂടുതൽ ആഴത്തിലാക്കാൻ ഇന്ത്യ പ്രതിജ്ഞാബദ്ധമാണെന്ന് അദ്ദേഹം പറഞ്ഞു. ഓക്ക്‌ലൻഡിൽ ന്യൂസിലാൻഡ് വ്യാപാര മന്ത്രി ടോഡ് മക്ലേയുമായി നടത്തിയ കൂടിക്കാഴ്ചയ്ക്ക് ശേഷമാണ് കേന്ദ്രമന്ത്രി ഇക്കാര്യം പറഞ്ഞത്. സമുദ്രം, ബഹിരാകാശം, പ്രതിരോധം, വിദ്യാഭ്യാസം, കായികം, ടൂറിസം എന്നിവയുമായി ബന്ധപ്പെട്ട വിഷയങ്ങളും ഇരുവരും ചർച്ച ചെയ്തു. ഇരു രാജ്യങ്ങളും തമ്മിലുള്ള സാമ്പത്തിക, സാംസ്‌കാരിക സഹകരണം ശക്തിപ്പെടുത്തുന്നതിൽ ഇന്ത്യൻ പ്രവാസികൾ നിർണായക പങ്ക് വഹിക്കുന്നതായും ശ്രീ ഗോയൽ വ്യക്തമാക്കി.

(VOICE)

☸☸☸☸☸☸☸☸☸☸☸☸☸

## AI GOVERNANCE GUIDELINES

നിർമ്മിത ബുദ്ധിയുടെ സുരക്ഷിതവും, ഉത്തരവാദിത്തത്തോടെയുമുള്ള ഉപയോഗം പ്രോത്സാഹിപ്പിക്കാൻ ലക്ഷ്യമിട്ടുള്ള ഇന്ത്യ എഐ ഗവേണൻസ് മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കി കേന്ദ്ര ഐടി മന്ത്രാലയം. മന്ത്രാലയ സെക്രട്ടറി എസ്. കൃഷ്ണന്റെ സാന്നിധ്യത്തിൽ കേന്ദ്രസർക്കാരിന്റെ ശാസ്ത്ര ഉപദേഷ്ടാവ് പ്രൊഫ. അജയ് കുമാർ സൂദാണ് മാർഗ്ഗനിർദ്ദേശങ്ങൾ പുറത്തിറക്കിയത്. നിർമ്മിതബുദ്ധിയുടെ നിയന്ത്രിത ഉപയോഗം പ്രോത്സാഹിപ്പിക്കുകയും സുതാര്യമായ എഐ പരീക്ഷണാന്തരീക്ഷം ഒരുക്കുകയുമാണ് മാർഗനിർദേശങ്ങളിലൂടെ ലക്ഷ്യമിടുന്നതെന്ന് ശ്രീ അജയ് സൂദ് പറഞ്ഞു. ഇന്ത്യ എഐ ഹാക്കത്തോണിന്റെ വിജയികളെയും ചടങ്ങിൽ പ്രഖ്യാപിച്ചു.

☸☸☸☸☸☸☸☸☸☸☸☸☸

## RIJIJU - RAHUL

ബിജെപിക്കും തെരഞ്ഞെടുപ്പ് കമ്മീഷനുമെതിരെ വോട്ട് മോഷണം ആരോപിച്ച കോൺഗ്രസ് നേതാവ് രാഹുൽ ഗാന്ധിയെ കേന്ദ്രമന്ത്രി കിരൺ റിജിജു വിമർശിച്ചു. വോട്ടർ പട്ടികയിൽ തർക്കമുണ്ടെങ്കിൽ

അദ്ദേഹം തെരഞ്ഞെടുപ്പ് കമ്മീഷനിൽ പരാതിപ്പെടണമെന്ന് മന്ത്രി പറഞ്ഞു. നേരത്തെ ഹരിയാന നിയമസഭ തെരഞ്ഞെടുപ്പിൽ വ്യാപക കൃത്രിമം നടന്നതായി കോൺഗ്രസും ശ്രീ.രാഹുൽ ഗാന്ധിയും ആരോപിച്ചിരുന്നു.

## AIR INDIA

സാൻഫ്രാൻസിസ്കോയിൽ നിന്ന് ദൽഹിയിലേക്ക് പറക്കവെ സാങ്കേതിക പ്രശ്നങ്ങൾ മൂലം മംഗോളിയയിലെ ഉലൻബാട്ടറിൽ ഇറക്കിയ എയർ ഇന്ത്യ വിമാനത്തിലെ യാത്രക്കാരെയും ജീവനക്കാരെയും ഇന്ത്യയിലെത്തിച്ചു. ഇന്ന് രാവിലെയാണ് വിമാനം ദൽഹിയിലിറങ്ങിയത്. വേണ്ട സഹായം നൽകിയ സിവിൽ വ്യോമയാന ഡയറക്ടറേറ്റിനും ബന്ധപ്പെട്ട മറ്റുള്ള വർക്കും എയർ ഇന്ത്യ നന്ദി പറഞ്ഞു.

## JAISANKAR INDIA - JAPAN (INTRO)

കഴിഞ്ഞ ഏതാനും പതിറ്റാണ്ടുകളായി ഇന്ത്യയും ജപ്പാനും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം കൂടുതൽ ദൃഢമായതായി വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ന്യൂഡൽഹിയിൽ നടന്ന എട്ടാമത് ഇന്ത്യ-ജപ്പാൻ ഇന്തോ പസഫിക് ഫോറത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഊർജ്ജം, നിർമ്മിതബുദ്ധി, ബഹിരാകാശം തുടങ്ങിയ മേഖലകളിലെ നിക്ഷേപം വർധിപ്പിക്കാൻ ഇരുരാജ്യങ്ങളും തമ്മിലുള്ള സഹകരണം ശക്തിപ്പെടുത്തുമെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

## ELECTION COMMISSIONER

തദ്ദേശതിരഞ്ഞെടുപ്പ് സുഗമമായി നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ ഉറപ്പാക്കാൻ ജില്ലാകളക്ടർമാർക്ക് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ.ഷാജഹാൻ നിർദ്ദേശം നൽകി. ചീഫ് ഇലക്ടറൽ ഓഫീസർ ഡോ.രത്തൻ. യു.ഖേൽക്കറുടെ സാന്നിധ്യത്തിൽ വിളിച്ചു ചേർത്ത ജില്ലാകളക്ടർമാരുടെ ഓൺലൈൻ യോഗത്തിലാണ് കമ്മീഷണറുടെ

നിർദ്ദേശം. തദ്ദേശപൊതുതിരഞ്ഞെടുപ്പ് ക്രമീകരണങ്ങൾക്ക് തടസ്സമുണ്ടാകാത്ത രീതിയിൽ തീവ്രവോട്ടർപട്ടിക പരിഷ്ക്കരണ പ്രവർത്തനങ്ങൾ നടത്തണമെന്നും ജില്ലാകളക്ടർമാരോട് ആവശ്യപ്പെട്ടു. സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ട വിഭാഗം ജീവനക്കാരെ ഒഴിവാക്കി, മറ്റ് ജീവനക്കാരെ ജില്ലാകളക്ടർമാർക്ക് ബി.എൽ.ഒ മാരായി നിയമിക്കുന്നതിന് തടസ്സമൊന്നുമില്ലെന്ന് ചീഫ് ഇലക്ടറൽ ഓഫീസർ യോഗത്തിൽ പറഞ്ഞു. രണ്ട് പ്രക്രിയകളും തടസ്സം കൂടാതെ നടത്താനാവശ്യമായ ക്രമീകരണങ്ങൾ ജില്ലാതലത്തിൽ സ്വീകരിക്കുമെന്ന് കളക്ടർമാർ യോഗത്തിൽ അറിയിച്ചു.

❁❁❁❁❁❁❁❁❁❁❁❁❁

## ALL PARTY MEETING

കേരളത്തിൽ തീവ്ര പരിശോധന വോട്ടർ പട്ടിക പരിഷ്കരണം നടപ്പാക്കുന്നത് നിയമപരമായി ചോദ്യം ചെയ്യാൻ മുഖ്യമന്ത്രി പിണറായി വിജയൻറെ അധ്യക്ഷതയിൽ ചേർന്ന സർവ്വകക്ഷി യോഗത്തിൽ തീരുമാനം. യോഗ ത്തിൽ പങ്കെടുത്ത ബിജെപി ഒഴികെയുള്ള കക്ഷികൾ സർക്കാർ തീരുമാനത്തെ പൂർണമായും പിന്തുണച്ചു. തദ്ദേശ സ്വയംഭരണ സ്ഥാപന തെരഞ്ഞെടുപ്പ് അടുത്തിരിക്കുന്ന പശ്ചാത്തലത്തിൽ എസ്ഐആർ ചോദ്യം ചെയ്യാനുള്ള നിയമോപദേശം തേടുമെന്നും മുഖ്യമന്ത്രി യോഗത്തെ അറിയിച്ചു. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പ് സമയത്ത് പുതുക്കിയ വോട്ടർപട്ടിക നിലവിലിരിക്കെ 2002ലെ പട്ടിക അടിസ്ഥാനമാക്കി തീവ്രവോട്ടർ പട്ടിക പരിഷ്ക്കരണം നടപ്പാക്കാനുള്ള നീക്കം അശാസ്ത്രീയ മാണെന്നും മുഖ്യമന്ത്രി പറഞ്ഞു.

❁❁❁❁❁❁❁❁❁❁❁❁❁

## AIFF SUPER CUP

AIFF സൂപ്പർ കപ്പ് ഫുട്ബോൾ ഗ്രൂപ്പ് സി യിൽ മൊഹമ്മദൻ എസ്.സി ക്കെതിരെ ഗോകുലം കേരളയ്ക്ക് ജയം. ഏകപക്ഷീയമായ 3 ഗോളുകൾ ക്കാണ് ഗോകുലത്തിന്റെ ജയം. ഇന്നത്തെ രണ്ടാം മത്സരം ബംഗളൂരു എഫ്സിയും പഞ്ചാബ് എഫ്സിയും തമ്മിലാണ്.

❁❁❁❁❁❁❁❁❁❁❁❁❁

## IND vs AUS T20

ഇന്ത്യ- ഓസ്ട്രേലിയ ട്വന്റി 20 പരമ്പരയിലെ നാലാം മത്സരം നാളെ. ഇന്ത്യൻ സമയം ഉച്ചയ്ക്ക് 1.45ന് ക്വീൻസ്ലാൻഡിലെ കരാര സ്റ്റേഡിയത്തിലാണ് മത്സരം. ഇരു ടീമുകളും പരമ്പരയിൽ ഓരോ മത്സരം വീതം വിജയിച്ചിട്ടുണ്ട്. പരമ്പരയിലെ ഫൈനൽ മത്സരം ഈ മാസം എട്ടിന് ബ്രിസ്ബേനിൽ നടക്കും.

☸☸☸☸☸☸☸☸☸☸☸☸☸

## GST REFORMS- NAGALAND STATE

ജിഎസ്ടി ബചത് ഉത്സവ് നാഗാലാൻഡിന്റെ സമ്പദ്വ്യവസ്ഥയെ ശക്തിപ്പെടുത്തിയതായി വിലയിരുത്തൽ. സമീപകാല ജിഎസ്ടി പരിഷ്കാരങ്ങൾ സംസ്ഥാനത്തെ ഹോട്ടലുകൾ, ഹോംസ്റ്റേകൾ എന്നിവ ഉൾപ്പെടുന്ന നാഗാലാൻഡിലെ ടൂറിസം മേഖലയ്ക്ക് കരുത്തേകി. നാഗാലാൻഡിന്റെ തനതായ കാപ്പി ബ്രാൻഡിനും കർഷകർക്കും എം എസ്എം ഇകൾക്കും കരകൗശല വിദഗ്ധർക്കും പുതു തലമുറ ജിഎസ്ടി പരിഷ്കാരങ്ങൾ ഏറെ ഗുണം ചെയ്യുതായും സാമ്പത്തിക വിദഗ്ധർ വിലയിരുത്തുന്നു.

☸☸☸☸☸☸☸☸☸☸☸☸

☸☸☸☸☸☸☸☸☸

☸☸☸☸☸

☸☸☸